# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3082 — 28.01.2014 ൽ - മറുപടിക്ക്

## പൊതുവിതരണ സമ്പ്രദായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.കെ. ബഷീർ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി എന്തെല്ലാം പരിശോധനാ സംവിധാനങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ; | (എ) പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിൽ പ്രത്യേക സാങ്കേതിക സംവിധാനം നിലവിലില്ല. എന്നാൽ ഇതിനുളള പരിശീലനം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഘട്ടം ഘട്ടമായി നൽകുവാൻ തീരുമാനിക്കുകയും അതനുസരിച്ച് റേഷനിംഗ് ഇൻസ്പെക്ടർമാർക്കും അപ്പർ ഡിവിഷൻ ക്ലർക്കുമാർക്കുമായി 194 പേർക്കും ക്വാളിറ്റി കൺട്രോൾ സെൽ മുഖാന്തിരവും 240 പേർക്ക് സി.എഫ്.ആർ.ഡി. വഴിയും പരിശീലനം നൽകിക്കഴിഞ്ഞു. കേന്ദ്ര സർക്കാർ എഫ്.സി.ഐ. മുഖാന്തിരം വിതരണം ചെയ്തുവരുന്ന അരിയുടേയും ഗോതമ്പിന്റേയും ഗുണനിലവാരം എഫ്.സി.ഐ. സ്വന്തം നിലയിൽ പരിശോധിച്ച് ഉറപ്പാക്കുന്നു. എഫ്.സി.ഐ. ഗോഡൗണിൽ നിന്നും വിതരണം ചെയ്യുന്ന സ്റ്റോക്ക് വിതരണയോഗ്യമാണെന്ന് അതാത് ജില്ലാ സപ്ലൈ ആഫീസർമാർ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു. ബന്ധപ്പെട്ട ജില്ലാ സപ്ലൈ ആഫീസർമാരും എഫ്.സി.ഐ. ഡിപ്പോ മാനേജർമാരും എഫ്.സി.ഐ. ഗോഡൗണിൽ സൂക്ഷിച്ചിട്ടുളള ഭക്ഷ്യധാന്യങ്ങൾ സംയുക്തമായി പരിശോധിക്കുകയും ഗുണനിലവാരം ഉറപ്പാക്കിയവ മാത്രം പൊതുവിതരണത്തിനായി തെരഞ്ഞെടുക്കുകയും ചെയ്യുന്നു. കൂടാതെ എഫ്.സി.ഐ.-ൽ നിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ സാമ്പിളുകൾ റേഷൻ മൊത്ത വ്യാപാര ഡിപ്പോകളിൽ പ്രദർശിപ്പിക്കുന്നു. ഇപ്രകാരമുളള സാമ്പിൾ അനുസരിച്ചുളള ഭക്ഷ്യധാന്യങ്ങൾ തന്നെയാണ് ലഭിക്കുന്നത് എന്ന് റേഷൻ വ്യാപാരികൾക്ക് സ്റ്റോക്കെടുക്കുന്ന സമയം ഉറപ്പ് വരുത്തുന്നതിന് അവസരമുണ്ട്. |

റേഷൻ ചില്ലറ വ്യാപാരികൾക്ക് മൊത്തവ്യാപാര ഡിപ്പോയിൽ നിന്നും സ്റ്റോക്കെടുക്കുമ്പോൾ ലഭ്യമാകുന്ന സാമ്പിൾ കാർഡുടമകൾ കാണത്തക്ക വിധത്തിൽ റേഷൻ കടകളിൽ പ്രദർശിപ്പിച്ചു വരുന്നു. ടി സാമ്പിൾ കണ്ട് ബോധ്യപ്പെട്ട് കാർഡുടമകൾക്ക് ഭക്ഷ്യധാന്യ ങ്ങൾ വാങ്ങാവുന്നതാണ്. ഈ സംവിധാനം റേഷനിംഗ് ഇൻസ്പെക്ടർമാർ മുതലുള്ള പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പാക്കി വരുന്നു.

| | | | |
|---|---|---|---|
| (ബി) | പൊതുവിതരണ സമ്പ്രദായത്തിലൂടെ ഇപ്പോൾ വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളോടൊപ്പം മറ്റ് നിത്യോപ യോഗ സാധനങ്ങൾ കൂടി വിതരണം ചെയ്യുന്നത് പരിഗണനയിലുണ്ടോ; | (ബി) & (സി) | റേഷൻകടകൾ വഴി മറ്റ് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |
| (സി) | എങ്കിൽ എന്തെല്ലാം ഭക്ഷ്യവസ്തുക്ക ളാണ് റേഷൻ കടകളിലൂടെ വിത രണം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത പദ്ധതി എപ്പോൾ ആരംഭി ക്കുമെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ